# 'ആസാദി കാ അമൃത് മഹോത്സവ്'

**SCTIMST**

പെയിന്റിംഗ്, ഫോട്ടോഗ്രാഫി മത്സരവും പ്രദർശനവും

ഒന്നാം സമ്മാനം : 5000 രൂപ വീതം

രണ്ടാം സമ്മാനം : 3000 രൂപ വീതം

മൂന്നാം സമ്മാനം : 2000 രൂപ വീതം

പ്രിയ സഹപ്രവർത്തകരെ,

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ ഈ വർഷം'ആസാദി കാ അമൃദ് മഹോത്സവ് ' എന്ന പേരിൽ 75 ആഴ്ച്ച നീണ്ട് നിൽക്കുന്ന ഒരു ബൃഹത് ഒരു പരിപാടി ആരംഭിച്ച വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞു കാണുമല്ലോ?

വളരെ മഹത്തായി അടുത്ത രണ്ട് വർഷത്തായി നടത്തി വരുന്ന ഈ ബൃഹത് പരിപാടിയിൽ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി വൈവിദ്ധ്യങ്ങളാർന്ന പരിപാടികളിലൂടെ അടുത്ത രണ്ട് വർഷം ആചരിക്കുവാൻ തയ്യാറെടുക്കുകയാണ്. ഇതിൻ്റെ വൻ വിജയമാക്കി തീർക്കുവാൻ നിങ്ങളെ ഏവരെയും ഈ പരിപാടിയിലേക്ക് ക്ഷണിച്ചു കൊള്ളുന്നു.

ഇതിൻ്റെ ഭാഗമായി നമ്മുടെ സ്ഥാപനത്തിൽ 2021 മെയ് മാസം 'പെയിന്റിംഗ്, ഫോട്ടോഗ്രാഫി മത്സരവും പ്രദർശനവും' സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രദർശന തീയതികൾ : **24- 26 മെയ് 2021**

എൻട്രികൾ സമർപ്പിക്കാനുള്ള അവസാന തീയതി : **2021 മെയ് 14**

**മത്സരത്തിന്റെ പൊതു നിയമങ്ങൾ;**

1. നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കും പ്രദർശനം സംഘടിപ്പിക്കുന്നത്.

2. പെയിന്റിംഗുകൾക്കും ഫോട്ടോഗ്രാഫിക്കും പ്രത്യേകം സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. സ്ഥാപനത്തിലെ സ്ഥിരമോ താൽക്കാലികമോ ആയ ഉദ്യോഗസ്ഥർ , വിദ്യാർത്ഥികൾ, ഗവേഷകൻ, പെൻഷനർ എന്നിവർക്ക് ഒന്നിൽ അല്ലെങ്കിൽ രണ്ട് മത്സരങ്ങളിലും പങ്കെടുക്കാൻ കഴിയും എന്നാൽ ജീവനക്കാരുടെ കുടുംബാംഗങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ സാധ്യമല്ല.

4. ഓരോ ഇനത്തിലും പരമാവധി രണ്ട് എൻട്രികൾ വീതം സമർപ്പിക്കാവുന്നതാണ്.

5. മത്സരത്തിലേക്കുള്ള പ്രവേശനം  institute വെബ് സൈറ്റ് ഗൂഗിൾ ഫോം വഴി സമർപ്പിക്കാൻ കഴിയുന്നതാണ്.

6.മത്സരത്തിൽ പങ്കെടുക്കുന്നവർ ഗൂഗിൾ ഫോം വഴി പകർപ്പ് സമർപ്പിക്കേണ്ടതും, നിയുക്ത പ്രദർശനത്തിൽ അവരുടെ കലാസൃഷ്ടി നേരിട്ട് പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

7. കലാസൃഷ്ടിയുടെ മൂല്യനിർണ്ണയം നടത്തി സമ്മാനങ്ങൾക്കായി തെരഞ്ഞെടുക്കുന്നത് പുറത്ത് നിന്നുള്ള വിദഗ്ധരടങ്ങിയ ഒരു പാനൽ ആയിരിക്കും.

8. മത്സരത്തിനാവശ്യമായ ഡിസ്പ്ലേ ബോർഡുകളും സ്റ്റിക്കിംഗ് മെറ്റീരിയലുകളും സംഘാടകർ നൽകുന്നതാണ്.
എന്നിരുന്നാലും, മത്സരത്തിൽ അവരവരുടെ കാലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നത് മത്സരാർത്ഥികളുടെ ഉത്തരവാദിത്തമായിരിക്കും.
മത്സരത്തിലേക്ക് കൊണ്ട് വരുന്ന സൃഷടികൾക്ക് പ്രദർശന സമയത്ത് ഉണ്ടാവുന്ന കേടുപാടുകൾ, നഷ്ടം, എന്നിവയ്ക്ക് സംഘാടകർ ഉത്തരവാദികളായിരിക്കുന്നതല്ല.

9. മത്സരത്തിന് ശേഷം, അവരുടെ കലാ സൃഷടികൾ വിൽക്കാവുന്നതും ആ തുക എസ്സി ടി എം എസ്ടി, ഡിഎം- പിഡിഎഫ് ശാസ്ത്ര ഗവേഷണത്തിനായുള്ള ഫണ്ടിലേക്ക് സംഭാവന ചെയ്യാവുന്നതാണ്.

10. പ്രദർശനത്തിന് വയ്ക്കുന്ന പെയിന്റിംഗുകൾ ഒരേസമയം പ്രദർശനത്തിൻ്റെ കൂടെ വിൽപ്പനയും ഉണ്ടാകും.

11. അന്നത്തെ കോവിഡ് സാഹചര്യം അനുസരിച്ച് മത്സര നിയമങ്ങൾ മാറ്റുന്നതിനോ അല്ലെങ്കിൽ അത് റദ്ദാക്കുന്നതിനോ സംഘാടകർക്ക് അവകാശമുണ്ട്.

**ഫോട്ടോഗ്രാഫി മത്സരത്തിനുള്ള നിർദ്ദേശങ്ങൾ,**

**വിഷയം : 'സ്വാതന്ത്ര്യത്തിന്റെ 75 വർഷം'**

1. ഫോട്ടോ മുകളിൽ പറഞ്ഞ വിഷയാധിഷ്ഠിതമായിരിക്കണം.

2. ഗ്ലോസി അല്ലെങ്കിൽ മാറ്റ് ഫിനിഷുള്ള A4 (8 x 12 ") വലുപ്പമാണ് അഭികാമ്യം. വലുപ്പത്തിലുള്ള ചെറിയ മാറ്റങ്ങൾ അനുവദനീയമാണ്.

3. ഫോട്ടോ ഡിജിറ്റലായി ഒപ്പിട്ടിരിക്കണം.

4. ഫ്രെയിമുകൾ ആവശ്യമില്ല.

5. ഫോട്ടോയെക്കുറിച്ച് 75 വാക്കിൽ കൂടാത്ത ഒരു 'ശീർഷകം' , സാങ്കേതികത എന്നിവയുള്ള ഒരു ചെറിയ വിവരണംഫോട്ടോയുടെ ചുവടെ പ്രദർശിപ്പിക്കേണ്ടതാണ്.

6. ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും.

Submit your entries for photography contest alone through the link below
Photography contest –

https://forms.gle/4mPgLpFqU87oq1AR7

**പെയിന്റിംഗ് മത്സരത്തിനുള്ള  നിർദ്ദേശങ്ങൾ:**

**വിഷയം : 'ഇന്ത്യയുടെ പ്രകൃതിയും, പ്രകൃതി വിഭവങ്ങളും'**

1. പേപ്പർ കാൻവാസ്, കാൻവാസ് ബോർഡ് എന്നിവയിൽ വാട്ടർ കളർ ഓയിൽ പോസ്റ്റർ കളർ അല്ലെങ്കിൽ അക്രിലിക് മീഡിയം എന്നിവ ഉപയോഗിക്കാവുന്നതാണ്.  പെൻസിൽ, ചാർക്കോൾ, ക്രയോൺസ് , പാസ്റ്റലുകൾ എന്നിവ അനുവദനീയമല്ല.

2. മത്സരങ്ങൾക്ക് സമർപ്പിക്കേണ്ട വലുപ്പം ഏകദേശം A4 (8 "x 12") A3 (12 "x 16") അല്ലെങ്കിൽ A2 (16 "x 24 "). വലുപ്പത്തിലുള്ള ചെറിയ മാറ്റങ്ങൾ അനുവദനീയമാണ്.

3. മത്സരാർത്ഥികൾ അവരവരുടെ സ്വന്തം കലാസൃഷ്ടികൾ പ്രദർശിപ്പിക്കേണ്ടതും ആയതിനാൽ  ഒപ്പിടുകയും വേണം.

4. ഫ്രെയിമുകൾ ആവശ്യമില്ല.

5. പെയിന്റിംഗിനെക്കുറിച്ചുള്ള ചെറിയ വിവരണം തലക്കെട്ടോടു കൂടി നൽകണം. അയത്  75 വാക്കിൽ കവിയരുത്. സങ്കേതിക വിവരണം തീർച്ചയായും നൽകിയിരിക്കണം.

6. വിധി കർത്താക്കളുടെ  തീരുമാനം അന്തിമമായിരിക്കും.

Submit your entries for painting contest alone through the link below

Painting contest –

https://forms.gle/uHB7o2AEXjJ5Stwp7

**കലാ പ്രദർശനം:**

1. മത്സാരാർത്ഥികൾക്കും മറ്റ് കലാകാരൻമാർക്കും അവരവരുടെ കലാ സൃഷടികൾ പ്രദർശിപ്പിക്കുവാനും ആയത് വിൽപ്പന നടത്തുവാനും സാധിക്കും.ഇത് വഴി ലഭിക്കുന്ന തുക മുകളിൽ പറഞ്ഞ ഗവേഷണ ഫണ്ടിലേക്ക് സംഭാവന ചെയ്യുന്നതാണ്.

2. കലാകാരൻമാർക്ക് അവരവരുടെ കലാസൃഷ്ടികള പ്രദർശനത്തിന് വയ്ക്കാവുന്നതാണ്. എന്നിരുന്നാലും വിദഗ്ദ പാനലിൻ്റെ മുൻകൂർ പരിശോധനയും അംഗീകാരവും നിർബന്ധമാണ്.

3. മത്സരത്തിൽ പങ്കെടുക്കുന്നവർ അവരുടെ  കലാസൃഷ്ടിയുടെ കോപ്പി ഗൂഗിൾ ഫോം വഴി 2021 മെയ് 14ന് മുമ്പ് സമർപ്പിക്കേണ്ടതും അവരുടെ കലാസൃഷ്ടി മത്സര ദിവസം നേരിട്ട്  പ്രദർശിപ്പിക്കേണ്ടതുമാകുന്നു.

4. സംഘാടകരുടെ സഹായത്തോടു കൂടി കലാസൃഷ്ടികൾ പ്രദർശിപ്പിക്കേണ്ടത് അവരവരുടെ ഉത്തരവാദിത്തമായിരിക്കും.

5. ഫ്രെയിം ചെയ്ത കലാ സൃഷ്ടികൾ ആയിരിക്കണം വിൽപ്പനയ്ക്കായി പ്രദർശിപ്പിക്കേണ്ടത്.

6. വിൽപ്പനയിലൂടെ ലഭിക്കുന്ന മുഴുവൻ തുകയും മുകളിൽ പറഞ്ഞ ഗവേഷണ ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതായിരിക്കും.

7. അവരവരുടെ കലാ സൃഷ്ടിയുടെ വില കലാകാരന് തന്നെ നിർദ്ദേശിക്കാവുന്നതാണ്.

8. വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ ന പ്രദർശനത്തിൽ വിറ്റ് കിട്ടുന്ന ചെറിയ ഒരു ഭാഗം കലാകാരന് ലഭിക്കുന്നതാണ്.

9. പ്രദർശനത്തിൽ വിറ്റുപോകാത്ത കലാസൃഷ്ടി പ്രദർശനം അവസാനിച്ച ഉടൻ കലാകാരൻ സ്വയം അവിടെ നിന്ന് തിരികെ എടുക്കുകയും വേണം.

10. പ്രദർശന സമയത്തോ ശേഷമോ ചിത്രങ്ങൾക്ക് ഉണ്ടാകുന്ന കേട്പാട്, എന്നിവയ്ക്ക് സംഘാടകർ ഉത്തരവാദികളായിരിക്കില്ല

11.നിലവിലെ കോവിഡ് മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രദർശനത്തിൻ്റെ നിയമങ്ങളിൽ മാറ്റം വരുത്താനോ അല്ലെങ്കിൽ പൂർണ്ണമായി ഒഴിവാക്കാനോ ഉള്ള അവകാശം സംഘാടകരിൽ നിക്ഷിപ്തമാണ്.

Submit your entries for art exhibition alone through the link below

Art exhibition -

https://forms.gle/GhaVjQGoxQ2VaSgu5